# വനിത ശിശു വികസന ഡയറക്ടറുടെ നടപടി ക്രമങ്ങൾ
(ഹാജർ :അനുപമ T.V IAS)

വിഷയം : വനിത ശിശു വികസന വകുപ്പ് - ഗാർഹികാതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന ആക്ട് 2005 - PACE സർവ്വീസ് പ്രൊവൈഡിംഗ് സെന്റർ-പ്രവർത്തനം -ഇരിട്ടി ബ്ലോക്കിലേയ്ക്ക് മാറ്റുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

പരാമർശം:1. ബഹുമാനപ്പെട്ട സാമൂഹ്യ നീതി വനിതാ ശിശു വികസന വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 17.07.2019 തീയതി ചേർന്ന യോഗ നടപടി കുറിപ്പ് .

2. ബഹുമാനപ്പെട്ട സാമൂഹ്യ നീതി വനിതാ ശിശു വികസന വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 26.06.2020 തീയതി ചേർന്ന യോഗ നടപടി കുറിപ്പ് .

3. ഇരിട്ടി സി.ഡി.പി.ഒ യുടെ 18.11.2019 തീയതിയിലെ ഐ.സി.ഡിഎസ്/ഐ ആർടി വൈ/892/20 നം.കത്ത്.

## ഉത്തരവ് നമ്പർ WCD/WEC3-6653/19തീയതി:07.01.2021

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. ഗാർഹിക അതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം 2005 ഫലപ്രദമായി നടപ്പാക്കുന്നതിന്റെ ഭാഗമായി ഗാർഹിക പീഡനത്തിനിരയാകുന്ന വനിതകൾക്ക് നിയമ സഹായം, വൈദ്യസഹായം, വൊക്കേഷണൽ ട്രെയിനിംഗ്, ഷെൽട്ടര് ഹോമുകളിലേയ്ക്കുള്ള റഫറൻസ്, പോലീസിന്റെ സഹായം, ഗാർഹിക പീഡന നിയമത്തെക്കുറിച്ചുള്ള ബോധവത്ക്കരണ ക്ലാസ്സുകൾ, കൗൺസിലിംഗ് എന്നിവ നൽകുന്നതിന് അംഗീകാരമുള്ള 79 എസ്.പി.സി.കൾ കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ് മുഖാന്തിരം നടത്തി വരുന്നു. 152 ബ്ലോക്ക് പഞ്ചായത്തുകളിലും ഈ സർവീസ് പ്രൊവൈഡിങ് സെന്ററുകളുടെ സേവനം ലഭ്യമാക്കണമെന്ന് പരാമർശം(1),(2) പ്രകാരം നിർദ്ദേശിച്ചിരുന്നു.

കണ്ണൂർ ചാലോട് ബസ് സ്റ്റാന്റിൽ പ്രവർത്തിക്കുന്ന PACE എന്ന സർവീസ് പ്രൊവൈഡിങ് സെന്റർ ഇരിട്ടി ബ്ലോക്ക് പഞ്ചായത്തിലേക്ക് മാറ്റി സ്ഥാപിക്കാൻ റൂം വിട്ടു

നൽകുവാൻ ഇരിട്ടി ബ്ലോക്ക് പഞ്ചായത്തിന് സമ്മതമാണെന്ന് പരാമർശം (3) പ്രകാരം ഇരിട്ടി സി.ഡി.പി.ഒ അറിയിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ ബ്ലോക്ക് പഞ്ചായത്തുകളിൽ സർവീസ് പ്രൊവൈഡിങ് സെന്ററുകളുടെ സേവനം ലഭ്യമാക്കുന്നതിന്റെ ഭാഗമായി PACE സർവീസ് പ്രൊവൈഡിങ് സെന്ററിന്റെ പ്രവർത്തനം ഇരിട്ടി ബ്ലോക്ക് പഞ്ചായത്തിലേക്ക് മാറ്റുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

PACE സർവീസ് പ്രൊവൈഡിങ് സെന്റർ ഇരിട്ടി ബ്ലോക്ക് പഞ്ചായത്തിലേക്ക് മാറ്റി സ്ഥാപിച്ച് റിപ്പോർട്ട് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. സർവീസ് പ്രൊവൈഡിങ് സെന്റർ മാറ്റി സ്ഥാപിച്ച വിവരം കണ്ണൂർ ജില്ലാ വനിത ശിശു വികസന ഓഫീസറെയും രേഖാമൂലം അറിയിക്കേണ്ടതാണ്.

(ഒപ്പ്)
**വനിതശിശു വികസന ഡയറക്ടർ**

വനിത സംരക്ഷണ ഓഫീസർ, കണ്ണൂർ

പകർപ്പ്:
1. സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, ഇരിട്ടി
2. സെക്രട്ടറി, കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡ്
3. ജില്ലാ വനിത ശിശു വികസന ഓഫീസർ, കണ്ണൂർ
4. സി.ഡി.പി.ഒ ,ഇരിട്ടി/ PACE SPC
5. ഫയൽ/സ്റ്റോക്ക് ഫയൽ

**ഉത്തരവിൻ പ്രകാരം**

Sende

**സൂപ്രണ്ട്**